# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 23 | 2018 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

# *നവോത്ഥാന സന്ദേശങ്ങളുമായി സന്നിധാനത്തെ ശിവഗിരിമഠം ബുക്ക്സ്റ്റാൾ*

ശബരിമല: ശ്രീനാരായണഗുരുവിന്റെ നവോത്ഥാന സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളുടെ വിപുല ശേഖരവുമായി സന്നിധാനത്ത് മാളികപ്പുറം ക്ഷേത്രത്തിന് സമീപമുള്ള ശിവഗിരിമഠം ബുക്ക്സ്റ്റാൾ തീർഥാടക ശ്രദ്ധയാകർഷിക്കുന്നു. 18വർഷമായി സന്നിധാനത്ത് പ്രവർത്തിക്കുന്ന ബുക്ക്സ്റ്റാളിന്റെ ഇപ്പോഴത്തെ ചുമതല ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ ട്രഷററും ശിവഗിരിമഠം പബ്ലിക്കേഷന്റെ കാര്യദർശിയുമായ ശാരദാനന്ദ സ്വാമികൾക്കാണ്.

കേരളീയ സാമൂഹ്യജീവിതത്തിൽ ഗുരു നടത്തിയ ഇടപെടലുകളുടെ സാക്ഷ്യംപേറുന്ന നിരവധി ഗ്രന്ഥങ്ങൾക്കൊപ്പം ഗുരുവിന്റെ സമ്പൂർണ്ണ കൃതികളും ഗുരുദേവ കൃതികളുടെ വ്യാഖ്യാനങ്ങളും ഇവിടെ ലഭ്യമാണ്. ഗുരുവിന്റെ ജീവിതത്തിലെ ചെറുതും എന്നാൽ പ്രാധാന്യം അർഹിക്കുന്നതുമായ സംഭവങ്ങൾ കോർത്തിണക്കിയ ഗുരുദേവ കഥാസാഗരവും ഗുരുവിന്റെ ജീവിതയാത്രയിലെ നിർണായക മുഹൂർത്തങ്ങളുടെ അടിക്കുറിപ്പോടുകൂടിയ ചിത്രങ്ങളും ഇവി

ടെയുണ്ട്.

നാല് വാല്യങ്ങളിലുള്ള കുമാരനാശാന്റെ സമ്പൂർണ കൃതികൾക്കും ആവശ്യക്കാർ ഏറെയാണ്. നടരാജഗുരുവിന്റെ ആത്മകഥയും എം.കെ. സാനുവും മൂർക്കോത്ത് കുമാരനും രചിച്ച ഗുരുവിന്റെ ജീവ ചരിത്രങ്ങളും സ്റ്റാളിലെ ഗ്രന്ഥശേഖരത്തിലുണ്ട്. റഷ്യൻ സാഹിത്യ ത്തിലെ ഇതിഹാസപുരുഷനായ മാക്സിം ഗോർഖിയെകുറിച്ചുള്ളത് ഉൾപ്പടെ നിത്യചൈതന്യയതിയുടെ ഗ്രന്ഥങ്ങൾ എല്ലാംതന്നെ സ്റ്റാ ളിൽ വിൽപ്പനയ്ക്കായി സജ്ജീകരിച്ചിട്ടുണ്ട്.

നാരായണഗുരുവിന്റെ ശിഷ്യരും സാമൂഹ്യപരിഷ്ക്കർത്താക്ക ളുമായ സഹോദരൻ അയ്യപ്പൻ, സി. കേശവൻ തുടങ്ങിയവരുടെ പു സ്തകങ്ങൾ സ്റ്റാളിന്റെ നവോത്ഥാന സന്ദേശപ്രചാരണത്തിന്റെ തിള ക്കം കൂട്ടുന്നു. മലയരയ വിഭാഗത്തിൽപ്പെട്ട ചരിത്രകാരനായ കെ.എൻ. പ്രഭാകരൻ(കണ്ണാട്) രചിച്ച 'സമ്പൂർണ അയ്യപ്പചരിത്രം' സ്റ്റാളിലെ ഗ്രന്ഥശേഖരത്തിലെ വേറിട്ട കാഴ്ചയാണ്. അയ്യപ്പചരി ത്രവും ശബരിമലയുടെ ഐതീഹ്യങ്ങളും സ്തോത്രങ്ങളും പ്രാർഥ നാശീലുകളും ഉൾപ്പടെ നിരവധി പുണ്യപുരാണ ഗ്രന്ഥങ്ങളും രാമാ യണവും ഭാഗവതവും ഇവിടെ ലഭിക്കും.

മലയാളം കൂടാതെ തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി എന്നീ ഭാഷ കളിലെ പുസ്തകങ്ങളും തീർഥാടകരെ കാത്ത് ഇവിടെയുണ്ട്. കോ രുത്തോട് സി.കെ.എം. സ്കൂൾ മുൻ മാനേജരും സഹകരണബാങ്ക് ജീവനക്കാരനുമായ എ.എൻ. സാബുവാണ് സ്റ്റാളിന്റെ മേൽനോട്ടം വഹിക്കുന്നത്.

*(പി.ആർ. ശബരി-92)*

## പ്രതിരോധഗുളികകൾ വിതരണം ചെയ്തു

ശബരിമല: സന്നിധാനത്തെ പൊതുജനാരോഗ്യ വിഭാഗത്തിന്റെ നേ തൃത്വത്തിൽ പമ്പയിലും സന്നിധാനത്തുമുള്ള മുഴുവൻ വിശുദ്ധിസേ നാംഗങ്ങൾക്കും എലിപ്പനി പ്രതിരോധത്തിനായുള്ള 'ഡോക്സി സൈക്ലിൻ' ഗുളികകൾ വിതരണം ചെയ്തു. ഇതോടൊപ്പം കൊപ്രാ ക്കളത്തിൽ പണിയെടുക്കുന്ന 200പേർക്കും ഗുളിക വിതരണം ചെ യ്തു. കങ്കാണിമാർക്ക് ആവശ്യമായ ബോധവൽക്കരണങ്ങൾ നൽകി .

മുഴുവൻ തൊഴിലാളികളിലേയ്ക്കും ആരോഗ്യപരിരക്ഷയുടെ പ്രാധാന്യം എത്തിച്ചു. അതിഥി തൊഴിലാളികൾക്കുള്ള രക്തപരിശോധനാ ക്യാംപിനൊപ്പം മലമ്പനി, മന്ത് എന്നീ രോഗപരിശോധന കുഷ്ഠരോഗ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിനുള്ള പരിശോധന എന്നിവയും സന്നിധാനത്ത് നടത്തുന്നു. ഇതുവരെ ആരിലും രോഗം സ്ഥിതീകരിച്ചിട്ടില്ല. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയെക്കുറിച്ചും തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണംനടത്തി.

കൂടാതെ ഭക്ഷണവിൽപ്പന-വിതരണ കേന്ദ്രങ്ങളിൽ ശുചിത്വ പരിശോധന നടത്തുന്നതിനൊപ്പം തൊഴിലാളികൾക്ക് എത്രയുംവേഗം ഹെൽത്ത്കാർഡുകൾ ലഭ്യമാക്കുന്നതിനുള്ള കർശന നിർദേശങ്ങളും നൽകി. ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ. സന്തോഷ് , ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ സി.സി. ജയൻ, ലിജുമോൻ ജേക്കബ് എന്നിവരുടെ നേതൃത്വത്തിലാണ് ആരോഗ്യബോധവൽക്കരണ ക്ലാസ്സുകളും പ്രതിരോധഗുളികകളുടെ വിതരണവും സംഘടിപ്പിച്ചത്.

*(പി.ആർ. ശബരി-93)*


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER 23 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

## വിരിവെയ്ക്കുവാൻ വിപുലമായ സൗകര്യം

ശബരിമല: സന്നിധാനത്തും പരിസരത്തും തീർഥാടകർക്ക് വിരിവെയ്ക്കുവാൻ വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. മാളികപ്പുറം ക്ഷേത്രത്തിന് സമീപമുള്ള വിരിപ്പന്തൽ, അന്നദാനമണ്ഡപത്തിന്റെ മുകളിലത്തെ നില, പാ ിത്താവളത്ത് മാംഗു അയ്യപ്പനിലയം, മരക്കൂട്ടം, ശരംകുത്തി എന്നിവിടങ്ങളിലെ ക്യൂ കോംപ്ലക്സ്, മരാമത്ത് കോംപ്ലക്സിന്റെ മുൻവശത്തുള്ള മൂന്ന് പ്ലാറ്റ്ഫോമുകൾ എന്നിവിടങ്ങളിൽ വിശാലമായ സൗകര്യങ്ങളാണ് വിരിവെയ്ക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ളത്. ഭക്തജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും കൂടാതെ ഇവിടങ്ങളിൽ വിരിവെയ്ക്കാം.

(പി.ആർ. ശബരി-94)

## പമ്പയെ മലിനപ്പെടുത്തരുത്: തന്ത്രി

ശബരിമല : പമ്പാസ്നാനത്തിനു ശേഷം വസ്ത്രം നദിയിൽ ഒഴുക്കുന്നത് ശബരിമല ആചാരത്തിന്റെ ഭാഗമല്ലെന്നു തന്ത്രി കണ്ഠരര് രാജീവര്.

നദിയിൽ വസ്ത്രമൊഴുക്കുന്നത് പുണ്യനദിയായ പമ്പയെ മലിനപ്പെടുത്തും.പമ്പാ നദിയെ പുണ്യവും പവിത്രവുമായി സംരക്ഷിക്കേ ത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അയ്യപ്പന്മാരുൾപ്പടെയുള്ള വർ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-95)

## ഇരുമുടിക്കെട്ടിലെ പ്ലാസ്റ്റിക്ക് ഉപയോഗം പൂർണമായും ഒഴിവാക്കണം : തന്ത്രി

ശബരിമല: ഇരുമുടിക്കെട്ടിലെ പ്ലാസ്റ്റിക്ക് ഉപയോഗം പൂർണമായും ഒഴിവാക്കണമെന്നു ശബരിമല തന്ത്രി കണ്ഠരര് രാജീവര്. പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ സാന്നിധ്യം ശബരിമലയുടെ പവിത്രതയും പരിസ്ഥിതിയും ഇല്ലാതാക്കും. കാനനക്ഷേത്രമായ ശബരിമല എല്ലാ വിശുദ്ധിയോടും കൂടി വരും തലമുറക്കായി നിലനിർത്താനുള്ള കടമ നമുക്കോരോരുത്തർക്കുമു് -തന്ത്രി പറഞ്ഞു.

വനമേഖലയിൽ നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യം വന്യജീവികളുടെ സുരക്ഷക്കും വനസമ്പത്തിനും ഭീഷണിയാണ്. അതിനാൽ ഇരുമുടിക്കെട്ടിൽ നിന്നും അനാവശ്യ വസ്തുക്കൾ ഒഴിവാക്കണം.

(പി.ആർ. ശബരി-96)

## പരിശോധന കർശനമാക്കി എക്സൈസ്: നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

ശബരിമല: മണ്ഡലകാലത്തോടനുബന്ധിച്ച് നിലയ്ക്കലിലും പമ്പയിലും സന്നിധാനത്തും പരിശോധന കർശനമാക്കി എക്സൈസ് വകുപ്പ്. ഇതുവരെ എക്സൈസ് വകുപ്പ് 79 റെയ്ഡുകൾ നടത്തി. 106 കോപ്ട കേസുകൾ ചാർജ്ജ് ചെയ്തു. 21200 രൂപ ഇവരിൽ നിന്നും പിഴയീടാക്കി. 3 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ, അനധികൃതമായി സൂക്ഷിച്ചിരുന്ന 500 പായ്ക്കറ്റ് സിഗററ്റ്, 1570 പായ്ക്കറ്റ് ബീഡി എന്നിവ ക ത്തിയതായി പമ്പ അസിസ്റ്റന്റ് എക്സൈസ് കമ്മീഷ്ണർ ജി. പ്രദീപ് പറഞ്ഞു.

എക്സൈസ് വകുപ്പ് സ്വീകരിക്കുന്ന കർശന നിരീക്ഷണത്തെ തുടർന്ന് മുൻകാലങ്ങളെ അപേക്ഷിച്ച് ഈ മേഖലയിൽ മദ്യപാന

സംബന്ധമായ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നത് ശുഭ സൂചകമാണ്.

(പി.ആർ. ശബരി-97)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ | |
|---|---|
| NOVEMBER 23 | 2018 |

## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

# സപ്തകർമ്മങ്ങൾ അനുഷ്ഠിക്കൂ അയ്യപ്പന്റെ പൂങ്കാവനത്തിൽ നന്മയുടെ വിത്തുകൾ വിതറൂ

ശബരിമലയിലെത്തുന്ന ഭക്തർ സപ്തകർമ്മങ്ങൾ പാലിക്കണമെന്ന സന്ദേശവുമായി പുണ്യം പൂങ്കാവനം പ്രവർത്തകർ.

ശബരിമല: അയ്യപ്പന്റെ പൂങ്കാവനത്തിന് ദോഷമായ ഒന്നും, പ്രത്യേകിച്ച് പ്ലാസ്റ്റിക് വസ്തുക്കൾ കൊ ുവരാതിരിക്കുക. ശബരിമലയിൽ തീർത്ഥാടനത്തിനിടയിൽ ഉ ാകുന്ന മാലിന്യം അവിടെ ഉപേക്ഷിക്കാതെ തിരിച്ചുകൊ ു പോയി സംസ്ക്കരിക്കുക.ശബരിമലയിലെത്തുന്ന എല്ലാ അയ്യപ്പഭക്തരും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. പമ്പാ നദിയെ സംരക്ഷിക്കുക, നദിയിൽ കുളിക്കുമ്പോൾ സോപ്പോ എണ്ണയോ ഉപയോഗിക്കരുത്, മടക്കയാത്രയിൽ വസ്ത്രങ്ങൾ നദിയിൽ ഉപേക്ഷിക്കരുത്. ടോയ്ലറ്റുകൾ വൃത്തിയായി സൂക്ഷിക്കുക, ഒരു കാരണവശാലും തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തരുത്. എല്ലാ അയ്യപ്പന്മാർക്കും സ്വാമിയെ കാണാൻ തുല്യ അവകാശമു ്. നിരതെറ്റിക്കാതെ തിക്കുംതിരക്കും കാണിക്കാതെ ക്യൂ പാലിക്കുക അയ്യപ്പന്റെ പൂങ്കാവനത്തിൽ മാലിന്യം അല്ല നന്മയുടെ വിത്തുകൾ വിതറുക എന്നിവയാണ് പുണ്യം പൂങ്കാവനം പദ്ധതി നൽകുന്ന സന്ദേശം.

ആത്മജ്ഞാനത്തിന്റെ പൂങ്കാവനമാണ് ശബരിമല. അവിടം നശിപ്പിക്കരുത്. തത്വമസി ഒരു മന്ത്രമല്ല, ഒരു ജീവിതചര്യയാണ്. ഉത്തരവാദിത്തത്തോ

ടെ ബോധപൂർവ്വമായ തീർഥാടനമാണ് അയ്യപ്പന് പ്രിയം എന്ന സന്ദേശവുമായി കാനനവാസന്റെ സന്നിധാനത്തും നിലക്കലിലും പമ്പയിലും എരുമേലിയിലും പുണ്യംപൂങ്കാവനം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ശുചീകരണത്തിനു പുറമേ ബോധവൽക്കരണവും പുണ്യം പൂങ്കാവനം പദ്ധതിയുടെ സവിശേഷതയാണ്.

ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് വസ്തുക്കൾ കൊ ുവരരുതെന്നും കടകളിൽ പ്ലാസ്റ്റിക് വസ്തുക്കൾ വിൽക്കുന്നത് പരിമിതപ്പെടുത്തണമെന്നും ബോധവൽക്കരിക്കുന്നു. മലയാളത്തിന്റു പുറമേ തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഇംഗ്ലീഷ് ഭാഷകളിലും തീർഥാടകർക്ക് സപ്തകർമ്മങ്ങളുടെ പ്രസക്തി അറിയിക്കുന്നു ്.

മണ്ഡല മകരവിളക്ക് മഹോത്സവ സീസണിൽ എല്ലാ ദിവസവും രാവിലെ ഒൻപതിന് ദേവസ്വവുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടേയും പോലീസ്, എക്സൈസ്, ഫയർഫോഴ്സ്, എൻ.ഡി.ആർ. എഫ്, ആർ.എ.എഫ് സേനകളുടേയും ആരോഗ്യവകുപ്പിലെ ഡോക്ടർമാർ,ആരോഗ്യപ്രവർത്തകർ, അയ്യപ്പ സേവാസംഘം, അയ്യപ്പ സേവാ സമാജം എന്നിവരുടേയും ഭക്തരുടേയും നേതൃത്വത്തിലാണ് ശുചീകരണവും ബോധവൽക്കരണവും നടത്തുന്നത്.

വിരിവെച്ചിരിക്കുന്ന ഇടങ്ങളിൽ ഗുരുസ്വാമിമാരുടെ നേതൃത്വത്തിലാണ് ബോധവൽക്കരണം. പരിസ്ഥിതിലോലമായ ശബരിമലയെ സംരക്ഷിക്കുന്നതിന്റും പരിപാവനമായ പൂങ്കാവനത്തെ മാലിന്യരഹിതമായി നിലനിർത്തുന്നതിനുമായുള്ള പുണ്യം പൂങ്കാവനത്തിന്റെ പ്രവർത്തനം ഇതിനകം ദേശീയ ശ്രദ്ധ നേടിയിട്ടു ്. ഐ.ജി പി.വിജയനാണ് പുണ്യം പൂങ്കാവനത്തിന്റെ നോഡൽ ഓഫീസർ.

(പി.ആർ. ശബരി-98)

## സന്നിധാനത്തെ ആയുർവേദ ക്ലിനിക്കിൽ തെറാപ്പി സൗകര്യത്തോടെയുള്ള ഐ.പി. യൂണിറ്റ്

ശബരിമല: സന്നിധാനത്ത് ആരംഭിച്ചിട്ടുള്ള ആയുർവേദ ക്ലിനിക്കിൽ തീർഥാടകർക്കുവേ ി 24 മണിക്കൂറും തെറാപ്പി സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുള്ളതായി ചീഫ് മെഡിക്കൽ ഓഫീസർ ഡോ: ഇ.പി. സുജീഷ് പറഞ്ഞു.

പകർച്ചവ്യാധികൾ, ദഹനസംബന്ധമായ അസുഖങ്ങൾ, മലകയറ്റത്തെ തുടർന്നു ാകുന്ന പരിക്കുകൾ, ഉളുക്ക്, ഒടിവ്, ചതവ്, എന്നിവയ്ക്ക് പ്രാഥമിക ചികിൽസ നൽകും. കൂടുതൽ വൈദ്യസഹായം ആവശ്യമുള്ളവർക്ക് ഐ.പി. വിഭാഗത്തിന്റെ സേവനം ലഭ്യമാക്കും.

അലർജി സംബന്ധമായ തുമ്മൽ, ശ്വാസംമുട്ടൽ തുടങ്ങിയ രോഗങ്ങൾ മൂലം ബുദ്ധിമുട്ടുന്നവർക്കായി ഔഷധആവി, നസ്യം തുടങ്ങിയ ചികിൽസകളുള്ള നെബുലൈസേഷൻ യൂണിറ്റ് പൂർണ്ണമായും പ്രവർത്തന സജ്ജമാണ്.

അഞ്ച് മെഡിക്കൽ ഓഫിസർമാർ, മൂന്ന് ഫാർമസിസ്റ്റുകൾ, ര ് തെറാപ്പിസ്റ്റ് എന്നിവരുൾപ്പടെ 13 പേരുടെ സേവനം ഇവിടെ ലഭ്യമാണ്. തീർഥാടകർക്കൊപ്പം തന്നെ സന്നിധാനത്തെത്തുന്ന മുഴുവൻ ആളുകൾക്കും ആവശ്യമായ ചികിൽസ പൂർണമായും സൗജന്യമായാണ് നൽകുന്നത്.

വൃശ്ചികം ഒന്നിന് പ്രവർത്തനം തുടങ്ങിയ ഈ ക്ലിനിക്കിൽ ഇതുവരെ 4500ൽപരം രോഗികൾക്ക് ചികിൽസ ലഭ്യമാക്കിയിട്ടു ്.6

(പി.ആർ. ശബരി-99)




# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 23 | 2018 |
|---|---|

ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## സുരക്ഷിതതീർത്ഥാടനം ഒരുക്കി അഗ്നിരക്ഷാ സേവന വകുപ്പ്

ശബരിമല: മണ്ഡലകാല തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പന്മാരുടെ സുരക്ഷക്കായി വിപുലമായ സംവിധാനങ്ങളാണ് അഗ്നിരക്ഷാ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്.

പമ്പയിലും സന്നിധാനത്തും പരിസരങ്ങളിലുമായി ഡ്യൂട്ടി പോയിന്റുകൾ ആരംഭിച്ചു. സന്നിധാനം, പമ്പ, നിലയ്ക്കൽ, പള്ളിയറക്കാവ്, പ്ലാപ്പള്ളി എന്നിവിടങ്ങളിലെ അഗ്നിരക്ഷാ വകുപ്പിന്റെ കൺട്രോൾ റൂമുകൾ വഴിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

കൺട്രോൾ റൂമുകൾക്ക് കീഴിൽ ഫയർ പോയിന്റുകളായി തിരിച്ചാണ് ജീവനക്കാരെ വിന്യസിച്ചിരിക്കുന്നത്. പന്തളം ഫയർ പോയിന്റായി കണക്കാക്കി ഇവിടേയും ആവശ്യത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുെ ന്ന് ജില്ലാ ഫയർ ഓഫീസർ കെ.ആർ അഭിലാഷ് പറഞ്ഞു

പമ്പയിൽ ത്രിവേണിമുതൽ ഗണപതികോവിൽ വരെയും പന്തളരാജാവിന്റെ സ്മാരകത്തിനു സമീപവുമായാണ് ഡ്യൂട്ടിപോയിന്റുകൾ.

കൂടാതെ സന്നിധാനത്തെ കൺട്രോൾ റൂമിന്റെ കീഴിൽ, സോപാനം, പാ ിത്താവളം, മാളികപ്പുറം, ഭസ്മക്കുളം നടപ്പന്തൽ, കെ.എസ്.ഇ.ബി, ശരംകുത്തി, കൊപ്രാക്കളം, മരക്കൂട്ടം എന്നിവിടങ്ങളിലായും ഡ്യൂട്ടിപോയിന്റുകൾ ഉ ് .

തീ അണയ്ക്കാനുള്ള വിവിധ സംവിധാനങ്ങൾ, മറ്റ് അപകടങ്ങൾ ഉ ാകുമ്പോൾ രക്ഷാപ്രവർത്തനത്തിനു ഉപയോഗിക്കുന്നതിന് ഫയർ പ്രോക്സിമിറ്റി സ്യൂട്ട്, വാട്ടർ ജെൽ ബ്ലാങ്കറ്റ്, ഹൈഡ്രോളിക്ക് റെസ്ക്യൂസെറ്റ്, കോൺക്രീറ്റ്കട്ടർ, ലൈഫ് ബോയ്(ജാക്കറ്റ്), സ്കൂബസെറ്റ് തുടങ്ങി ആവിശ്യമായ മുഴുവൻ ആധുനിക ഉപകരണങ്ങളും ഫയർ പോയിന്റുകളിലുമായി ക്രമീകരിച്ചിട്ടു ് .
രക്ഷാപ്രവർത്തനത്തിനായുള്ള വാട്ടർ മിസ്റ്റ് ബുള്ളറ്റ്, ആവശ്യത്തിന് ഫയർ ടെ റുകൾ, ജീപ്പ്, വാട്ടർ ലോറി, റിക്കവറി വാനുകൾ എന്നിവയും ക്രമീകരിച്ചിട്ടു ് . കൂടാതെ പമ്പ, നിലയ്ക്കൽ, പള്ളിയറക്കാവ്, പ്ലാപ്പള്ളി, പന്തളം എന്നിവിടങ്ങളിൽ നിന്നും ആംബുലൻസ് സൗകര്യവും വകുപ്പ് ഏർപ്പെടുത്തിയിട്ടു ് .

തീർത്ഥാടന മുന്നൊരുക്കങ്ങളുടെ ഭാഗമായി പഞ്ചായത്തുകൾ സ്നാനക്കടവുകളിൽ നിയോഗിച്ച സുരക്ഷാജീവനക്കാർക്കായി അഗ്നിരക്ഷാസേവന വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയിരുന്നു.

ജില്ലാ ഫയർ ഓഫീസർമാരായ രഞ്ജിത് പമ്പയിലും ബിസി വിശ്വനാഥ് സന്നിധാനത്തും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. അടിയന്തിര സാഹചര്യം മുന്നിൽ ക ു യമഹ ഘടിപ്പിച്ച റബ്ബർ ബോട്ടുകളും പമ്പയിൽ സജ്ജീകരിച്ചിട്ടു ് .

(പി.ആർ. ശബരി-100)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 23 | 2018 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-5


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

## സന്നിധാനത്ത് സ്പെഷ്യൽ ഓഫീസർമാരുടെ യോഗം നടന്നു: മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് ഒരുക്കങ്ങൾ പൂർണ്ണം

ശബരിമല: ശാന്തമായും സുരക്ഷിതമായും സുഖദർശനത്തിനുള്ള എല്ലാ സൗകര്യങ്ങളും ശബരിമലയിൽ ലഭ്യമാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷ്ണർ എൻ. വാസു പറഞ്ഞു. സാമൂഹിക മാധ്യമങ്ങളുൾപ്പടെ വിവിധ മാധ്യമങ്ങളിലൂടെ തെറ്റായ പ്രചരണങ്ങൾ നടന്നതിനാൽ തീർഥാടകരുടെ എണ്ണത്തിൽ മുൻവർഷങ്ങളേ അപേക്ഷിച്ച് കഴിഞ്ഞ ദിവസങ്ങളിൽ കുറവു ായിരുന്നു. എന്നാൽ നിലവിൽ തീർഥാടകരുടെ എണ്ണം വർധിച്ചിട്ടു ്. എല്ലാ ഭക്തർക്കും അയ്യപ്പസ്വാമിയെ ക ് തൊഴുന്നതിന് വളരെ അനുകൂലമായ സാഹചര്യവും ക്രമീകരണങ്ങളുമാണ് ഒരുക്കിയിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തീർഥാടകർ ഉൾപ്പടെ സുഖദർശത്തിന്റെ സംതൃപ്തി നേരിൽ അറിയിക്കുന്നുെ ന്നും അദ്ദേഹം പറഞ്ഞു. സന്നിധാനത്ത് പോലീസ് ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷാ സംവിധാനങ്ങളുമായി എല്ലാവരുംസഹകരിക്കുന്നുെ ന്ന് അദ്ദേഹം പറഞ്ഞു.

മകരവിളക്ക് മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പ് സംബന്ധിച്ച് എല്ലാ വകുപ്പുകളുടേയും സ്പെഷ്യൽ ഓഫീസർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങളിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി. യോഗത്തിൽ

ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ, ഫെസ്റ്റിവൽ കൺട്രോളർ കെ.എസ്. വിനോദ്, ആർ.എ.എഫ്. കമാൻഡന്റ് ബി. ജയകൃഷ്ണൻ, പോലീസ് അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ പ്രജീഷ് തോട്ടത്തിൽ, ഡി.വൈ.എസ്.പി. ദത്തൻ ആർ.എ.എഫ്. സ്പെഷ്യൽ കമാൻഡന്റ് ജി. ദിനേഷ്, എൻഡി.ആർ.എഫ്. ഡെപ്യൂട്ടി കമാൻഡന്റ് ജി. വിജയൻ, വിവിധ ഡിപ്പാർട്ട്മെന്റ് ഓഫീസർമാർ സംസാരിച്ചു.

(പി.ആർ. ശബരി-101)

## സന്നിധാനത്ത് കാർത്തികദീപം തെളിഞ്ഞു

ശബരിമല: വൃശ്ചികമാസത്തിലെ കാർത്തികനാളിൽ ശബരിമല തിരുസന്നിധിയിൽ കാർത്തികദീപം തെളിയിച്ചു. സോപാനത്ത് ദീപാരാധനയ്ക്ക് മുൻപ് തന്ത്രി കണ്ഠരര് രാജീവര് ദീപം തെളിയിച്ചു. തന്ത്രിയുടേയും മേൽശാന്തി വി.എൻ. വാസുദേവൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ ചടങ്ങുകൾ നടന്നു. സന്നിധാനത്ത് വിളക്കുകളിലും മൺചരാതുകളിലും കാർത്തികദീപം തെളിയിച്ചതോടെ തിരുസന്നിധി ദീപാലംകൃതമായി.

(പി.ആർ. ശബരി-102)

## ഹോട്ടലുകളിലും വ്യാപാരസ്ഥാപനങ്ങളിലും സംയുക്ത പരിശോധന നടത്തി

ശബരിമല: മണ്ഡലമകരവിളക്ക് മഹോത്സവത്തിന്റെ ബേസ്ക്യാമ്പായ നിലയ്ക്കലിൽ ഡ്യൂട്ടി മജിസ്ട്രേറ്റായ ഡെപ്യൂട്ടി കലക്ടർ അലക്സ് പി. തോമസിന്റെ നേതൃത്വത്തിലും നിലയ്ക്കൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റായ തഹസിദാർ കെ. ഓമനക്കുട്ടൻ, സ്ക്വാഡ് ലീഡർ ജി ആനന്ദൻ എന്നിവരുടെ സാന്നിധ്യത്തിലും റവന്യൂ, ഹെൽത്ത്, ലീഗൽ മെട്രോളജി, പൊതുവിതരണം. അഗ്നിശമന സേനാവിഭാഗം, തുടങ്ങിയ വിവിധവകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്തസ്ക്വാഡ് രൂപീകരിച്ച് നിലയ്ക്കലും പരിസരത്തുമുള്ള ഹോട്ടലുകൾ ഉൾപ്പടെയുള്ള വിവിധ വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തി.

മതിയായ പ്രവർത്തനാനുമതിയു ന്ന് ഉറപ്പുവരുത്തി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ഭക്ഷണപദാർഥങ്ങൾ ജില്ലാ കലക്ടർ നിശ്ചയിച്ച നുവദിച്ച ശരിയായ അളവിലും തൂക്കത്തിലും വിൽപ്പന നടത്തുന്നതായി ബോധ്യപ്പെട്ടു. പായ്ക്കറ്റ് സാധനങ്ങളുടെ പുറം കവറുകളിൽ നിയമപ്രകാരമുള്ള പ്രഖ്യാപനങ്ങൾ രേഖപ്പെടുത്തിയിട്ടു ായെന്ന് പരിശോധിച്ചു.

ഹോട്ടൽ ജീവനക്കാരുടെ ഹെൽത്ത് കാർഡ് പരിശോധിച്ച് ര ാഴ്ചയിലൊരിക്കൽ അവരുടെ ആരോഗ്യ നിലവാര പരിശോധന കടയുടമയുടെ ഉത്തരവാദിത്വത്തിൽ നടത്തണമെന്ന് നിർദേശം നൽകി. കൂടാതെ മാരക രോ

ഗങ്ങൾക്കെതിരായി ആവശ്യമുള്ള പ്രതിരോധ മരുന്നുകൾ കഴിക്കണമെന്ന് ജീവനക്കാർക്ക് നിർദേശം നൽകി. ഹോട്ടലുകളിലെ മലിനജല സംഭരണികൾ ശരിയായ രീതിയിൽ മൂടി സൂക്ഷിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ കീടബാധയെ പ്രതിരോധിക്കുന്നതിനാവശ്യമായ മരുന്നുകൾ തളിയ്ക്കുന്നതിനും അളവിൽ കൂടുതൽ മലിനജലം നിക്ഷേപിക്കുന്ന പക്ഷം അവ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യണമെന്നും നിർദേശം നൽകിയിട്ടു ്. ആഹാരപദാർഥങ്ങൾ പാചകം ചെയ്ത് വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ സമ്പൂർണ ശുചിത്വം ഉറപ്പ് വരുത്തണമെന്നും പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണമെന്നും കർശന നിർദേശം നൽകി.

ജില്ലാ കലക്ടർ നിർണ്ണയിച്ച് നൽകിയ വിലവിവരപട്ടിക വ്യാപാരസ്ഥാപനങ്ങളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുവാനും ഈ നിരക്കിൽ മാത്രം ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തുവാനും നിർദേശം നൽകി. പാചകവാതക സിലി  റുകൾ പരമാവധി അഞ്ചെണ്ണം മാത്രമേ സ്റ്റോക്ക് ചെയ്യാവുയെന്നും അതിനാവശ്യമായ ലെസൻസ്  ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി സൂക്ഷിക്കണമെന്നും നിർദേശം നൽകി.

ഹോട്ടലുകളിൽ അഗ്നിശമന സംവിധാനങ്ങൾ സ്ഥാപിച്ചിട്ടു   ന്ന് പരിശോധിച്ച് ഉറപ്പുവരുത്തി. സ്ഥാപിച്ചിട്ടില്ലാത്തിടത്ത് ഉടനടി സ്ഥാപിക്കുന്നതിന് കർശന നിർദേശം നൽകി. ഉപകരണങ്ങൾ അടിയന്തിരഘട്ടങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ഹോട്ടൽ ജീവനക്കാർക്കും മതിയായ പരിശീലനം നൽകി. നിലയ്ക്കൽ ബേസ് ക്യാമ്പിൽ പാർക്കിങ് ഏരിയകളിൽ ഗാസ്സ്റ്റൗ ഉപയോഗം തടയുന്നതിന് ഇവ ശ്രദ്ധയിൽപ്പെട്ട സ്ഥലങ്ങളിൽ തീർഥാടകർക്ക് മതിയായ ബോധവൽക്കരണം നടത്തി.

അഗ്നിശമന സേന നിലയ്ക്കൽ സ്റ്റേഷൻ ഓഫീസർ പി. സതീഷ്, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ എസ്. സോമരാജൻ, ആരോഗ്യവകുപ്പ് ജെ.എച്ച്.ഐ.. എസ്.ആർ. ആനന്ദ്, പൊതുവിതരണം വകുപ്പ് റേഷനിങ് ഇൻസ്പെക്ടർ എസ്. മധുസുദനൻ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ എം. രതീഷ്, അസിസ്റ്റന്റ് ഇൻസ്പെക്ടർ എസ്. പ്രേംകുമാർ, കെ. വിനോദ് ഉൾപ്പടെയുള്ള മറ്റ് റവന്യൂ ഉദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു.

പമ്പയിലും സംയുക്ത പരിശോധന നടന്നു. പമ്പാ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പി.എ. പ്രദീപിന്റെ നേതൃത്വത്തിൽ പമ്പാ ബസ്സ്റ്റാന്റ് മുതൽ ത്രിവേണി വരെയുള്ള വ്യാപാരസ്ഥാപനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി. ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച ഹോട്ടലുകളിൽ ഡി/ഒ ലൈസൻസ് നൽകി. ഹെൽത്ത്കാർഡുകൾ ഇല്ലാത്ത ഹോട്ടലുകളുടെ പേരുവിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നിർദേശങ്ങൾ നൽകി. അഞ്ച് സിലി  റുകളിൽ അധികം സൂക്ഷിച്ച കടകൾക്ക് കർശനമായ താക്കീത് നൽകി.

(പി.ആർ. ശബരി-103)

## ഇന്നത്തെ പരിപാടി(24-11-2018)

രാവിലെ 9ന് സന്നിധാനം പുണ്യംപൂങ്കാവനം പരിപാടിയിൽ കേരളാ ഹൈക്കോടതി ജസ്റ്റിസ് സി.ടി. രവികുമാർ പങ്കെടുക്കും.

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(24.11.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.